**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുറുപ്പന്തറ, കടുത്തുരുത്തി റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **null**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറുപ്പന്തറ, കടുത്തുരുത്തി റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | 1. കുറുപ്പന്തറ ROB കുറുപ്പന്തറ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടിയിലെ 11(1) പ്രാരംഭ വിജ്ഞാപനം 16.07.2020 ലെ അസാധാരണ ഗസറ്റ് നം.1700 (24/05/2020 ലെ 7162/2018-ജി1 നമ്പർ നടപടിക്രമം) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ പുനരധിവാസ പുന:സ്ഥാപന പാക്കേജിനു 22-10-2021 ന് വിചാരണ നടത്തിയിട്ടുള്ളതും, പാക്കേജ് അംഗീകാരത്തിനായി റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 19 (7) പ്രകാരം 11(1) (പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. കുറുപ്പന്തറ റെയിൽവെ മേൽപ്പാലം നിർമ്മാണം സംബന്ധിച്ച സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിശ്ചിത സമയത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചതിനെ തുടർന്ന് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 18/06/2021 ലെ G.O(P) No74/2021/RD നമ്പർ ഉത്തരവ് (25/06/2021 ലെ അസാധാരണ ഗസറ്റ് നം.1870), 13/01/2022 ലെ G.O(P) No 25/2022/RD നമ്പർ ഉത്തരവ് (13/01/2022 ലെ അസാധാരണ ഗസറ്റ് നം.162) എന്നിവ പ്രകാരം സർക്കാരിന്റെ അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം നടത്തുന്നതിനുള്ള സമയപരിധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2.കടുത്തുരുത്തി ROB കടുത്തുരുത്തി റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ മുട്ടചിറ, |

| | | | |
|---|---|---|---|
| | | | കടുത്തുരുത്തി എന്നീ വില്ലേജുകളിലായി 53.80 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി RBDCK 21/11/2019 ൽ റിക്വിസിഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 06/12/2019-ലെ G.O(Rt) No.3663/2019/RD നമ്പർ പ്രകാരം അനുമതി ഉത്തരവ് നല്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ അർത്ഥനയോടൊപ്പം അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചുകൊണ്ടുള്ള സ്കെച്ച് അർത്ഥനാധികാരി നാളിതു വരെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്താണ് ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് റെയിൽവേയിൽ നിന്നുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 1. കുറുപ്പന്തറ ROB അർത്ഥനാധികാരിയായ RBDCK സമർപ്പിച്ച അലൈൻമെന്റ് സ്കെച്ച് പ്രകാരമാണ് സ്ഥലമെടുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നത്. 2.കടുത്തുരുത്തി ROB അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചുകൊണ്ടുള്ള സ്കെച്ച് അർത്ഥനാധികാരി നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പുമൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 1. കുറുപ്പന്തറ ROB പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് മൂലം 53 നിർമ്മിതികൾ നഷ്ടപ്പെടുന്നതാണെന്ന് പൊന്നുംവില ഓഫീസർ അറിയിച്ചിട്ടുള്ളതാണ്. 2.കടുത്തുരുത്തി ROB സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്ന അവസരത്തിൽ മാത്രമേ സ്ഥലമെടുപ്പുമൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ എത്രയെന്ന് കണ്ടെത്താൻ സാധിക്കുകയുള്ളു. |
| (ഡി) | റവന്യൂ നഷ്ടപരിഹാര പാക്കേജ് യഥാസമയം അംഗീകരിച്ചിട്ടുണ്ടോ; ഇതിനായി ഹിയറിംഗ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 1. കുറുപ്പന്തറ ROB പ്രസ്തുത പദ്ധതിയുടെ പുനരധിവാസ പുന:സ്ഥാപന പാക്കേജിനു 22-10-2021 ന് വിചാരണ നടത്തിയിട്ടുള്ളതും, പാക്കേജ് അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചതിൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ആവശ്യപെട്ടിരുന്നതും പരിഷ്കരിച്ച റിപ്പോർട്ട് കമ്മീഷണർക്ക് 02/03/2022-ൽ സമർപ്പിച്ചിട്ടുള്ളതുമാണ്. പാക്കേജ് അംഗീകരിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചു വരുന്നു. 2.കടുത്തുരുത്തി ROB സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്ന അവസരത്തിൽ മാത്രമേ നഷ്ടപരിഹാര പാക്കേജ് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ